പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3818 17.12.2015-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി യുടെ ബംഗളരുവിലെ ഓഫീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
| (എ) | ബംഗളരുവിൽ ഓഫീസ് പണിയാൻ കെ.എസ്.ആർ.ടി.സി ക്ക് എത്ര രൂപ ചെലവായെന്നും അതിന്റെ ആവശ്യകതയും അതിനായി ഒരുക്കുന്ന സൗകര്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ? | (എ) | ബംഗളരുവിൽ കലാശിപാളയത്തിൽ ബി.എം.ടി.സി വക സ്റ്റാന്റിൽ 1,73,800/- രൂപ ചിലവിലും, ബംഗളരു ശാന്തി നഗറിലെ ബി.എം.ടി.സി വക ബസ് സ്റ്റേഷനിൽ ഒരു ലക്ഷം രൂപ ചിലവിലും കെ.എസ്.ആർ.ടി.സി. യുടെ റിസർവേഷൻ കൗണ്ടറുകൾ തയ്യാറാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ ബസ്സുകളിൽ ബംഗളരുവിലേക്കും തിരിച്ചും യാത്ര ചെയ്യുന്നതിന് 'ടി' കൗണ്ടറുകളിൽ ടിക്കറ്റ് റിസർവേഷൻ ചെയ്യുവാൻ ഉള്ള സൗകര്യം യാത്രക്കാർക്ക് ലഭ്യമാണ്.<br>ബംഗളരുവിൽ കെ.എസ്.ആർ.ടി.സി അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസറുടെ ഓഫീസിനായും, ജീവനക്കാരുടെ വിശ്രമ മുറിക്കും ഒരു കെട്ടിടത്തിന്റെ താഴത്തെ നിലയും ഏറ്റവും മുകളിലത്തെ ഒരു മുറിയും വാടകയ്ക്ക് എടുത്തിട്ടുണ്ട്. ഇതിലേക്കായി ഒരു ലക്ഷം രൂപ അഡ്വാൻസും നൽകിയിട്ടുണ്ട്. പ്രതിമാസം 16,000 രൂപ വാടകയായും നൽകി വരുന്നു. ബംഗളരുവിൽ നിന്നും കേരളത്തിലേക്കും തിരിച്ചുമുള്ള സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിനും നിയന്ത്രിക്കുന്നതിനും എ.റ്റി.ഒ ഓഫീസിന്റെ പ്രവർത്തനം ഗുണകരമാണെന്നാണ് വിലയിരുത്തുന്നത്. |

സെക്ഷൻ ഓഫീസർ